ഗ്രാസിം കമ്പനിക്ക് നൽകിയ സ്ഥലം വീണ്ടെടുക്കാൻ നടപടി

212 [3184] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാസിം കമ്പനിയിലെ കാഷ്വൽ കരാർ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രി മുൻകൈ എടുത്ത് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

മാവൂരിലെ ഗ്രാസിം കമ്പനി വക പൾപ്പ്, ഫൈബർ ഫാക്ടറികൾ മാനേജ്മെന്റ് അടച്ചുപൂട്ടുകയും ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് സ്ഥിരം തൊഴിലാളികൾക്കെല്ലാം നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിനു ശേഷം, പ്രസ്തുത ഫാക്ടറികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കാഷ്വൽ, കരാർ തൊഴിലാളികൾ തങ്ങൾക്കും നഷ്ടപരിഹാരവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണം എന്ന് ആവശ്യപ്പെട്ട് 2001 മുതൽതന്നെ പ്രക്ഷോഭം നടത്തിവരികയാണ്.

തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധി തവണ ചർച്ച നടത്തുകയുണ്ടായി. കരാർ, കാഷ്വൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ തങ്ങൾക്ക് നിയമപ്രകാരം ബാദ്ധ്യതയില്ല എന്നും അതിനാൽ യാതൊരു നഷ്ടപരിഹാരവും നൽകില്ലായെന്നുമാണ് മാനേജ്മെന്റിന്റെ നിലപാട്.

ഈ വിഷയത്തിൽ ഡിപ്പാർട്ട്മെന്റ് ഇടപെട്ട് പ്രശ്നപരിഹാരത്തിനായി 2002 ജൂലൈ മാസം മുതൽതന്നെ ശ്രമം നടത്തിവരികയായിരുന്നു. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും പലതവണ ചർച്ച നടത്തിയിട്ടുണ്ട്. അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടതിനാൽ വ്യവസായതർക്ക നിയമത്തിലെ 12(4) വകുപ്പനുസരിച്ചുള്ള റിപ്പോർട്ട് ലേബർ കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് പ്രോജക്ട്

213 [3185] *ഡോ. തോമസ് ഐസക്:*
ശ്രീ. എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് എന്ന പ്രോജക്ട് എന്നാണ് ആരംഭിച്ചത്;

(ബി) ഈ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly